## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1749 | 10.03.2020-ൽ മറുപടിക്ക്

### അന്ധവിശ്വാസങ്ങളുടെ പേരിലുള്ള ചികിത്സാ പീഡനകേസുകൾ

**ചോദ്യം**

ശ്രീ.ഡി.കെ. മുരളി

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) അന്ധവിശ്വാസങ്ങളുടെ പേരിൽ സംസ്ഥാനത്ത് നടക്കുന്ന വിവിധതരം ചികിത്സാ പീഡനങ്ങളും മരണങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) എങ്കിൽ ഇത് അവസാനിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇത്തരം സംഭവങ്ങളിൽ കുറ്റക്കാർക്കെതിരെ നിയമാനുസൃതം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ജനമൈത്രി പോലീസ് സംവിധാനം മുഖേന ബോധവത്ക്കരണം നൽകിയും, സ്പെഷ്യൽ ബ്രാഞ്ച് പോലീസുദ്യോഗസ്ഥർ നിരീക്ഷണങ്ങൾ നടത്തിയും ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുവേണ്ട ശക്തമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ വിഭാഗത്തിൽപ്പെടുന്ന എത്ര കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 11 കേസുകൾ ജില്ലാടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

| ക്രമ നം. | ജില്ല | കേസുകളുടെ എണ്ണം |
|---|---|---|
| 1 | കൊല്ലം സിറ്റി | 1 |
| 2 | മലപ്പുറം | 4 |
| 3 | കോഴിക്കോട് സിറ്റി | 1 |
| 4 | കോഴിക്കോട് റൂറൽ | 5 |
| 5 | **ആകെ** | **11** |

സെക്ഷൻ ഓഫീസർ